**ഭരണ ഭാഷ – മാതൃ ഭാഷ**

MSK/2634/22

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 26.02.2022
ഇ -മെയിൽ: directorate.wcd@kerala.gov.in
ഫോൺ നമ്പർ : 0471-2346534

## പരിപത്രം

സർ,

വിഷയം : സ്ത്രീധന നിരോധനം സംബന്ധിച്ച സംവാദം – കോളേജ് കുട്ടികൾക്കിടയിൽ

സൂചന: 03.02.2022 തീയതിയിലെ ബഹു. വ.ശി.വി.വ ഡയറക്ടറുടെ നിർദ്ദേശം.

വനിത ശിശു വികസന വകുപ്പ് നിലവിൽ നടത്തി വരുന്ന ബോധവത്കരണ പരിപാടിയുമായി ബന്ധപ്പെട്ട് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ജൻഡർ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സ്ത്രീധന സമ്പ്രദായം - അനാചാരം എന്ന വിഷയത്തിൽ **"സ്ത്രീധന സംമ്പ്രദായം കാലഹരണപ്പെട്ടും"**എന്ന തലക്കെട്ട് ആധാരമാക്കി കോളേജ് വിദ്യാർഥികൾക്കിടയിൽ കോളേജ്, ജില്ല, സംസ്ഥാന തല സംവാദ മത്സരങ്ങൾ യഥാക്രമം 2022 ഫെബ്രുവരി 28, മാർച്ച് 4, 7 എന്നീ തീയതികളിൽ നടത്തുവാൻ സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

കോളേജ്, ജില്ലാ തല മത്സരങ്ങൾ അതത് ജില്ലകളിലും, സംസ്ഥാന തല മത്സരം തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ഹാളിൽ വച്ചുമാണ് സംഘടിപ്പിക്കുന്നത്. ജില്ലയിലെ പ്രവർത്തനങ്ങളിൽ വനിത സംരക്ഷണ ഓഫീസറുടേയും, ജില്ലാ മഹിള ശക്തി കേന്ദ്ര ടീമിന്റേയും എന്നിവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കേണ്ടതും അതിനാവശ്യമായ നിർദ്ദേശങ്ങൾ ജില്ല വനിത ശിശു വികസന ഓഫീസർ കീഴ്ക്കാര്യാലയങ്ങൾക്ക് നൽകേണ്ടതാണ്. വിശദമായ പ്രവർത്തന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### സ്ത്രീധന നിരോധന സംവാദം - പ്രവർത്തന രീതി വിശദാംശങ്ങൾ.

| തലം | തീയതി | ആവശ്യമായ തുക | ആകെ തുക | റിമാർക്സ് |
|---|---|---|---|---|
| കോളേജ് | 28/2/2022 | 1. ഒന്നാം സമ്മാനം 2500/- രൂപ വീതം 5 കോളേജുകൾക്ക്. (2500*5= 12500/-) | 40000x 14 = 560000 | 5 കോളേജുകളിൽ മത്സരം |

| | | | | |
|---|---|---|---|---|
| | | 2. ബെസ്ററ് ഡിബേറ്റർ 1000 രൂപ വീതം 5 കോളേജുകളിൽ. (1000*5=5000)<br>3. മൂന്ന് അംഗ ജഡ്ജിങ് പാനൽ ഒരംഗത്തിനു 1000/- രൂപ വീതം ഓണറേറിയം 5 കോളേജുകളിൽ (1000*3*5=15000)<br>4. മോഡറേറ്റർ ഓണറേറിയം 1500 വീതം 5 കോളേജുകളിൽ (1500*5=7500)<br>*(കനലിന്റെ നിയമ വിദഗ്ധരായ റിസോഴ്സ് പേഴ്സൺമാരെ പാനലിലും, മോഡറേറ്ററായും ഉൾപ്പെടുത്താവുന്നതാണ്.)* | | നടത്തണം. ഓരോ കോളേജിൽ നിന്നും 2 ടീം വീതം. |
| ജില്ല | 4/3/2022 | 1. ഒന്നാം സമ്മാനം 5000/- രൂപ<br>2. ബെസ്ററ് ഡിബേറ്റർ 1000/- രൂപ<br>3. മൂന്ന് അംഗ ജഡ്ജിങ് പാനൽ ഒരംഗത്തിനു 1500/- രൂപ വീതം ഓണറേറിയം. (1500*3=4500)<br>4. മോഡറേറ്റർ ഓണറേറിയം 1500/-<br>*(സ്ത്രീകളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തകർ, വനിത സംരക്ഷണ ഓഫീസർമാർ, കനലിന്റെ നിയമ വിദഗ്ധരായ റിസോഴ്സ് പേഴ്സൺമാർ എന്നിവരെ പാനലിലും, മോഡറേറ്ററായും ഉൾപ്പെടുത്താവുന്നതാണ്.)*<br>5. ശബ്ദ,സ്ഥല ക്രമീകരണം 10000/-<br>6. റിഫ്രഷ്മെന്റ് 40*100രൂപ= 4000/- | 26000X 14 = 364000 | ഓരോ കോളേജിൽ നിന്നും ഒന്നാം സ്ഥാനം നേടുന്നവർ തമ്മിൽ മത്സരം. 5 ടീമുകൾ. |

<table>
<tr><td></td><td></td><td>(മത്സരാർത്ഥികളുടെ എണ്ണം 5*5=25, പാനൽ അംഗങ്ങൾ 4, സംഘാടകർ 10)</td><td></td><td></td></tr>
<tr><td></td><td></td><td>ആകെ</td><td>924000</td><td></td></tr>
<tr><td colspan="3">
▪ സംസ്ഥാന പ്രാഥമിക ഘട്ട മത്സരം 07.03.2022 തീയതിയിലും തിരഞ്ഞെടുക്കപ്പെടുന്ന 2 ടീമിന് അവസാന ഘട്ട മത്സരം 08.03.2022 തീയതിയിലുമായാണ് നടത്തപ്പെടുന്നത്.<br>
▪ കാസർഗോഡ്, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം ജില്ലയിൽ നിന്നുള്ളവർക്ക് (മത്സരാർത്ഥികൾ, കോളേജ് പ്രതിനിധികൾ) 06.03.2022 തീയതി വൈകുന്നേരം മുതൽ താമസം, ഭക്ഷണം എന്നീ സൗകര്യങ്ങൾ ലഭ്യമാണ്.<br>
▪ സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് താമസം, ഭക്ഷണം എന്നിവ ക്രമീകരിക്കുന്നതിനായി 05.03.2022 തീയതിയിൽ അറിയിക്കേണ്ടതാണ്.<br>
▪ സംസ്ഥാന തലത്തിൽ ഒന്നും, രണ്ടും സ്ഥാനം നേടുന്ന ടീമിന് 07.03.22 തീയതിയിലും 08.03.22 തീയതിയിലും താമസ സൗകര്യവും ലഭ്യമാണ്.<br>
▪ ഓരോ കോളേജിനേയും പ്രതിനിധികരിച്ച് വരുന്ന മത്സരാർത്ഥികളോടൊപ്പം മേൽനോട്ടത്തിനായി 2 വ്യക്തികളെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്(Guardian/Parent/Teacher).
</td><td></td><td></td></tr>
</table>

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി.

എല്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്:

1) എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും

2) എല്ലാ ജില്ലാ മഹിള ശക്തി കേന്ദ്ര ടീമിനും

3) സ്റ്റോക്ക്/ ഫയൽ